പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789 | 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സഞ്ചിത നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 31/03/2015-ലെ Audited Books of Accounts പ്രകാരം 5041.08 കോടി രൂപയും 31/03/2016 ഫൈനലൈസ് ചെയ്തത് പ്രകാരം 6362.01 കോടി രൂപയുമാണ് കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം. 04/2017 മുതലുള്ള ധനകാര്യ വർഷത്തെ കണക്കുകൾ ക്രോഡീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ വരവു ചെലവുകൾ സന്തുലിതമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ലാഭ നഷ്ടമില്ലാതെ പൊതുസേവനം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ നിരക്കിൽ, 20 വർഷത്തെ |

| | | | |
|---|---|---|---|
| | | | തിരിച്ചടവ് കാലാവധിയിൽ, 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജിമെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായിരുന്ന ശ്രീ. സുശീൽ ഖന്നയെ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കി വരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**